പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1096 04.02.2019-ൽ മറുപടിക്ക്

## തിരുവനന്തപുരം കാസർഗോഡ് നാലുവരിപ്പാത

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2020 നകം തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നാലുവരിപ്പാതയാക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത 4/6 വരിപ്പാതയാക്കലിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.<br>കാസർഗോഡ്,കണ്ണൂർ,കോഴിക്കോട്, മലപ്പുറം ജില്ലകളിൽ<br>തലപ്പാടി മുതൽ കാപ്പിരിക്കാട് വരെയുള്ള ദേശീയപാത 66 ന്റെ 4/6 വരിപ്പാതയാ- ക്കാനുള്ള സ്ഥലമെടുപ്പ് പുരോഗമിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്ന- താണ്.<br>4 വരി: തലശ്ശേരി - മാഹി ബൈപ്പാസിന്റേയും, നീലേശ്വരം റെയിൽവേ മേൽപ്പാലത്തിന്റേയും നിർമ്മാണം പുരോഗമിക്കുന്നു.<br>കോഴിക്കോട് ബൈപ്പാസിന്റെ 6 വരിപ്പാത നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>6 വരി: തലപ്പാടി മുതൽ ചെങ്ങള വരെയും ചെങ്ങള മുതൽ നീലേശ്വരം വരെയും ദേശീയപാത അതോറിറ്റിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br>മൂരാട്, പാലോളി എന്നീ പാലങ്ങളുടെ നിർമ്മാണം സ്റ്റാന്റ് എലോൺ ആയി നടപ്പിലാക്കുവാൻ ടെണ്ടറുകൾ നാഷണൽ ഹൈവേ |

അതോറിറ്റി ഓഫ് ഇന്ത്യയുടെ ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ലയിൽ</u>

3 എ നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചു. 3 ഡി നോട്ടിഫിക്കേഷൻ ഫെബ്രുവരിയിൽ പുറപ്പെടുവിക്കുന്നതാണ്.

<u>എറണാകുളം ജില്ലയിൽ</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അലൈൻമെന്റ് സ്ഥിരപ്പെടുത്തൽ നടപടി പുരോഗമിച്ചു വരുന്നു.

<u>ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ</u>

3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിരു കല്ലിടലും, 3 ഡി നോട്ടിഫിക്കേഷനും പുരോഗമിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി | ദേശീയപാതാ വികസനത്തിന് മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണെന്ന് കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; | ബി | ദേശീയപാതാ വികസനത്തിന് മറ്റ് സംസ്ഥാനങ്ങളെക്കാൾ കേരളത്തിൽ ചെലവ് കൂടുതലാണ് എന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ട്. |
| സി | കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്കള, ചെങ്കള-കാലിക്കടവ് പാതകളുടെ വികസനത്തിനായി ദേശീയ പാതാ വിഭാഗം ഒരു കിലോമീറ്റർ റോഡിന് എത്ര കോടി രൂപയുടെ ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ; | സി | കാസർഗോഡ് ജില്ലയിലെ തലപ്പാടി-ചെങ്ങള, ചെങ്ങള-നീലേശ്വരം ദേശീയ പാതാ 6 വരിപ്പാതയായി വികസിപ്പിക്കുന്നതിന് ഏകദേശം ഒരു കിലോമീറ്ററിന് 35.4 കോടി രൂപയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കണക്കാക്കിയിരിക്കുന്നത്. |
| ഡി | ഈ സാമ്പത്തിക വർഷം എത്ര കിലോമീറ്റർ നാലുവരിപ്പാതയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്; | ഡി | ഈ സാമ്പത്തിക വർഷം തലശ്ശേരി -മാഹി ബൈപ്പാസിന്റെ 5 കി.മീ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് നാഷണൽ ഹൈവേ |

| | |
|---|---|
| | അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. |
| (ഇ) പ്രസ്തുത ലക്ഷ്യം സാക്ഷാത്ക-രിക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) സാധ്യമാണ് |

സെക്ഷൻ ഓഫീസർ